പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 217 **28-10-2026-ൽ മറുപടിയ്ക്ക്**

മനുഷ്യ-വന്യജീവി സംഘർഷം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി
ശ്രീ. കെ. എൻ. ബാലഗോപാൽ
ശ്രീ. കെ. കെ. രാമചന്ദ്രൻ
ശ്രീ. ജി. സ്റ്റീഫൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) വന്യജീവികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിച്ചുകൊണ്ട് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: വന്യജീവികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിച്ചുകൊണ്ടും പരിപോഷിപ്പിച്ചുകൊണ്ടുമുള്ള മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നടപടികളാണ് കണ്ടൈൻമെന്റ്, മിറ്റിഗേഷൻ, കോമ്പൻസേഷൻ (CMC) ഫ്രെയിംവർക്കിലൂടെ വനം വകുപ്പ് സ്വീകരിച്ചുവരുന്നത്. വനാന്തർഭാഗത്ത് ഭക്ഷ്യജല ലഭ്യത ഉറപ്പുവരുത്തിയും, പുൽമേടുകളും വയലുകളും സംരക്ഷിച്ചും, കാലഹരണപ്പെട്ട തോട്ടങ്ങളെ സ്വാഭാവിക വനങ്ങളാക്കി മാറ്റിയും, അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്തും വന്യജീവികൾക്ക് അധിവസിക്കാൻ പറ്റിയ രീതിയിൽ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നു.

(ബി) ഓരോ പ്രദേശത്തെയും വന്യജീവികളുടെ സാന്നിദ്ധ്യം കണ്ടെത്തി അതിനനുസൃതമായ പ്രതിരോധമാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നത് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കാൻ സഹായിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: പരിശോധിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തെയും വന്യജീവികളുടെ സാന്നിദ്ധ്യം കണ്ടെത്തി അതിനനുസൃതമായ ആവാസ-വ്യവസ്ഥാ പരിപോഷണ പ്രവർത്തനങ്ങളും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ / പ്രതിരോധ പ്രവർത്തനങ്ങളുമാണ് ലാൻഡ്സ്കേപ്പ് ലെവൽ പ്ലാനുകളിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(സി) വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ മതിയായ റോഡ്, തെരുവ് വിളക്ക്, മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവ ഇല്ലാത്തതുമൂലം വന്യജീവി ആക്രമണങ്ങൾ പ്രതിരോധിക്കാൻ കഴിയാതെ പോകുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

മറുപടി: വനമേഖലയോട് ചേർന്ന പ്രദേശങ്ങളിലും വനത്തിലൂടെ കടന്നു പോകുന്ന റോഡുകളിലും മുന്നറിയിപ്പ് ബോർഡുകളും തത്സമയ ഇലക്ട്രോണിക് ഡിസ്പ്ല ബോർഡുകളും സ്ഥാപിച്ചിട്ടുള്ളതാണ്.

അപകടസാധ്യത കൂടിയ പ്രദേശങ്ങളിൽ തെരുവ് വിളക്കുകളും സോളാർ തെരുവ് വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അത്തരം പ്രദേശങ്ങളിൽ ആർ.ആർ.ടി.കളും വനസംരക്ഷണ ജീവനക്കാരും പട്രോളിംഗും നടത്തുന്നുണ്ട്. പ്രാദേശികാടിസ്ഥാനത്തിൽ വാട്ട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് തത്സമയം സന്ദേശങ്ങൾ കൈമാറിയും മുന്നറിയിപ്പുകൾ നൽകുന്നുണ്ട്.

വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ വന്യജീവികളുടെ സ്വാഭാവിക സഞ്ചാരപഥത്തിന് തടസ്സങ്ങളുണ്ടാവുക, മുന്നറിയിപ്പുകൾക്ക് വിലകല്പിക്കാതെ വന്യജീവികളുടെ സഞ്ചാരപഥത്തിലേക്ക് കടന്നു ചെല്ലുക, വനമേഖലയോട് ചേർന്ന പാതയോരങ്ങളിൽ അനധികൃതമായി മാലിന്യം നിക്ഷേപിക്കുക, വനേതരമേഖലകൾ വൃത്തിയായി സൂക്ഷിക്കാതിരിക്കുക തുടങ്ങിയ കാരണങ്ങളും മനുഷ്യ-വന്യജീവി സംഘർഷത്തിന് ഇടയാക്കുന്നുണ്ട്. ഇത്തരം പ്രവണതകൾ ഒഴിവാക്കാനായി വനയോരമേഖല കേന്ദ്രീകരിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മാലിന്യനിർമ്മാർജ്ജനം മുതൽ ബോധവൽക്കരണം വരെയുള്ള മനുഷ്യ-വന്യജീവി സംഘർഷം പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളാണ് ലാൻഡ്സ്കേപ്പ് ലെവൽ പ്ലാനുകളിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> നടപടികൾ സ്വീകരിച്ചുവരുന്നു. ജനവാസമേഖലകളിലെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം ഫലപ്രദമായി നടപ്പിലാക്കുവാൻ വിവിധ വകുപ്പുകളുടെ സഹകരണം ആവശ്യമാണ്. അതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയും വനം വകുപ്പിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കുന്നതിന് പഞ്ചായത്തുകളിൽ ഫോറസ്റ്റ് ലെയ്സൺ ഓഫീസർമാരെ നിയോഗിച്ചും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ ബഹു. എം.എൽ.എ. മാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മണ്ഡലതല നിർദ്ദേശക സമിതികളും രൂപീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിന് ഇതിലൂടെ സാധിക്കുന്നതായിരിക്കും.

സെക്ഷൻ ഓഫീസർ